(ബി) 30-4-2015-ന് റിട്ടയർ ചെയ്ത ചാലക്കുടി അഡീഷണൽ പ്രോജക്ട് 1 ഐ.സി.ഡി.എസിലെ 5 അംഗൻവാടി വർക്കർമാർക്കും 3 ഹെൽപ്പർമാർക്കും ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിയ്ക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇവർക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചാലക്കുടി അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ടിൽ നിന്ന് വിരമിച്ച 5 അംഗനവാടി വർക്കർമാരിൽ നിന്നും 3 അംഗനവാടി ഹെൽപ്പർമാരിൽ നിന്നും ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായുള്ള അപേക്ഷകൾ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പെൻഷനും ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനുള്ള നടപടി എടുത്തുവരുന്നു.

കേരളത്തിലെ ട്രാൻസ്ജെന്റർ വിഭാഗങ്ങൾ

236 (3076) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹിക സാമ്പത്തിക സാഹചര്യം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ ട്രാൻസ് ജെന്റർ വിഭാഗത്തിന്റെ സാമൂഹ്യ സാമ്പത്തിക സ്ഥിതി മനസ്സിലാക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി 2014-15-ൽ ട്രാൻസ് ജെന്റർ സർവ്വേ നടത്തിയിരുന്നു. ടി സർവ്വേയിൽ ചൂണ്ടിക്കാണിക്കുന്ന വിവരങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1	വിദ്യാഭ്യാസം	ഇവരിൽ 45 % പേർ പത്താം ക്ലാസ് വരെയും 24% പേർ ഒൻപതാം ക്ലാസ് വരെയും 10% ഡിഗ്രി വരെയും 2% പേർ പോസ്റ്റ് ഗ്രാജ്വേറ്റ് വരെയും വിദ്യാഭ്യാസമുള്ളവരാണ്.
2	തൊഴിൽ	46% പേർ താൽക്കാലിക തൊഴിലിലും 16% പേർ സ്വയംതൊഴിലും 11% പേർ റെഗുലർ ജോബ് ഉള്ളവരും 4% പേർ പാർട്ട് ടൈം ജോബ് ചെയ്യുന്നവരുമാണ്. 3% പേർ വിദ്യാർത്ഥികളാണ്
3	ഭാഷ	കേരളത്തിൽ 44% പേർ മലയാളവും 24% പേർ തമിഴും 10% പേർ ഹിന്ദിയും 22% പേർ ഇംഗ്ലീഷും സംസാര ഭാഷയായി ഉപയോഗിക്കുന്നു.
4	കുടുംബജീവിതം	38% പേർ നിയമപരമായി വിവാഹിതരാണ്
5	താമസം	92% പേർ സ്വന്തം സ്ഥലത്ത് താമസിക്കുന്നു. 51% പേർ തങ്ങളുടെ sexuality കുടുംബങ്ങളിൽ നിന്നും രഹസ്യമായി സൂക്ഷിക്കുന്നു. 43% പേർ കുടുംബ ഭവനത്തിലും 39% പേർ സ്വന്തം ഭവനത്തിലും 11% പേർ വാടക ഭവനത്തിലും താമസിക്കുന്നു.
6	പ്രായവിവരണം	46% പേർ 30 വയസ്സുവരെ പ്രായമുള്ളവരും 53% പേർ 30 നും 50 നും മദ്ധ്യേ പ്രായമുള്ളവരും 1% ആളുകൾ 50 വയസ്സ് കഴിഞ്ഞിട്ടുള്ളവരുമാണ്.
7	മതം	65% പേർ ഹിന്ദുക്കളും 16% പേർ ക്രിസ്ത്യാനികളും 18% പേർ മുസ്ലീം വിഭാഗവും 1% ആളുകൾ മറ്റുള്ളവരുമാണ്.
8	ജാതി	44% പേർ ഒ.ബി.സി.യും 27% പേർ പട്ടികജാതിയും 5% പേർ പട്ടികവർഗ്ഗവും 24% പേർ മറ്റുള്ളവരുമാണ്.
9	എഴുത്തും വായനയും	93% പേർക്ക് എഴുതാനും വായിക്കാനുമറിയാം. 7% പേർ എഴുത്തും വായനയും അറിയാത്തവരാണ്.

ബാലപീഡനങ്ങൾ

237 (3077) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലഭിക്ഷാടനം, ബാലവിവാഹം എന്നിവ ഇപ്പോഴും നടക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സാമൂഹിക പ്രശ്നങ്ങൾ ഉന്മൂലനം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly